# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17-06-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) വികസ്വര രാജ്യങ്ങൾക്ക് സാമ്പത്തിക പ്രതിരോധശേഷി ഉറപ്പാക്കുന്നതിൽ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളുടെ ഇടപെടൽ സുപ്രധാനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; ജി-7 ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ യു എസ് പ്രസിഡൻറുമായി പ്രധാനമന്ത്രി അല്പസമയത്തിനകം കൂടിക്കാഴ്ച നടത്തും.

   **PM Modi emphasizes crucial role of international financial institutions in ensuring financial resilience for developing nations; Scheduled to meet US President shortly on G7 Summit sidelines.**

2) ഇന്ത്യയുടെ പരമാധികാരം വിട്ടുവീഴ്ച ചെയ്യില്ലെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്; ദേശീയ സുരക്ഷയിൽ രാജ്യം ചരിത്രപരമായ പരിവർത്തനത്തിന് സാക്ഷ്യം വഹിച്ചതായും കേന്ദ്രമന്ത്രി.

   **No compromise on India's sovereignty, says Defence Minister Rajnath Singh; highlights historic transformation in national security.**

3) ലോകത്തെ പ്രധാന ഇലക്ട്രോണിക്സ് നിർമ്മാണ കേന്ദ്രമായി ഇന്ത്യ മാറിയതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

   **India has emerged as a major electronics manufacturing hub, says Union Minister Ashwini Vaishnaw.**

4) കൊച്ചി റീജിയണൽ പാസ്പോർട്ട് ഓഫീസ് സന്ദർശിച്ച് വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ്; റീജിയണൽ പാസ്പോർട്ട് ഓഫിസുകളുടെ സേവനം വലുതെന്ന് കേന്ദ്ര സഹമന്ത്രി.

Minister of State for External Affairs Kirti Vardhan Singh visits Kochi Regional Passport Office; Appreciates the vital services rendered by regional offices.

5) കേരളത്തിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; കോഴിക്കോട് ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

IMD forecasts heavy rainfall with thunderstorms in Kerala; Orange alert issued for Kozhikode district today.

6) ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് പോർച്ചുഗൽ, കോംഗോയെ നേരിടും.

In FIFA World Cup Portugal to Face Congo today.

&&&&&&&&&&&&&&&&&

## REV EVE PM G7 DAY 2

വികസ്വര രാജ്യങ്ങൾക്ക് സാമ്പത്തിക പ്രതിരോധശേഷി ഉറപ്പാക്കുന്നതിൽ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളുടെ ഇടപെടൽ സുപ്രധാനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഫ്രാൻസിലെ ഇവിയനിൽ നടക്കുന്ന ജി7 ഉച്ചകോടിയുടെ ഭാഗമായി, "സന്തുലിതവും, സുസ്ഥിരവുമായ സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുക" എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച സെഷനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. "സബ്കാ സാത്ത്, സബ്കാ വികാസ്, സബ്കാ വിശ്വാസ്, സബ്കാ ശ്രം " എന്ന ആശയത്തിലൂന്നിയ ഇന്ത്യയുടെ വളർച്ചാ യാത്ര പ്രധാനമന്ത്രി വിശദീകരിച്ചു. ശ്രീ മോദി ഇന്ന് യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി കൂടിക്കാഴ്ച നടത്തും. ജർമ്മൻ ചാൻസലർ, യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ്, യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് എന്നിവരുമായും പ്രധാനമന്ത്രി ചർച്ച നടത്തി.

&&&&&&&&&&&&&&&

## G7 GLOBAL STABILITY

ആഗോള സ്ഥിരത, സുരക്ഷ, സഹകരണം,സംഘടിത കുറ്റകൃത്യങ്ങൾ തടയാനുള്ള ശ്രമങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പ്രഖ്യാപനങ്ങൾക്ക് G7 ഉച്ചകോടി അംഗീകാരം നൽകി. അമേരിക്കയും ഇറാനും തമ്മിൽ സമാധാന കരാർ ഒപ്പുവെയ്ക്കുന്നതിനെ ജി 7 നേതാക്കൾ സ്വാഗതം ചെയ്തു.

ഹോർമുസ് കടലിടുക്കിലൂടെയുള്ള സുരക്ഷിതമായ സമുദ്ര പാതയുടെ പ്രാധാന്യവും അവർ എടുത്തു പറഞ്ഞു. മയക്കുമരുന്ന് കടത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നും നേതാക്കൾ അറിയിച്ചു.

&&&&&&&&&&&&&&&

## RAJNATH-INDIA SECURITY

ഭീകരതയ്ക്കെതിരായ പോരാട്ടങ്ങളിലൂടെ , ഇന്ത്യയുടെ പരമാധികാരം വിട്ടുവീഴ്ച ചെയ്യില്ലെന്ന വ്യക്തമായ സന്ദേശമാണ് രാജ്യം നൽകുന്നതെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. കഴിഞ്ഞ 12 വർഷത്തിൽ ദേശീയ സുരക്ഷാ ഘടനയിൽ ചരിത്രപരമായ പരിവർത്തനത്തിന് സാക്ഷ്യം വഹിച്ചതായി അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&

## BHUPENDER-DESERTIFICATION AND DROUGHT (INTRO)

മരുഭൂവത്കരണം തടയുന്നതിനുള്ള പരിശ്രമങ്ങളുടെ ഭാഗമായി, 2030 ഓടെ രാജ്യത്ത് 26 ദശലക്ഷം ഹെക്ടർ ഭൂമി പുനഃസ്ഥാപിക്കുമെന്ന് കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവ്. നിലവിൽ 21.76 ദശലക്ഷം ഹെക്ടർ ഭൂമി പുനഃസ്ഥാപിക്കപ്പെട്ടതായും ലോക മരുഭൂവത്കരണ-വരൾച്ച വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന പരിപാടിയിൽ കേന്ദ്രമന്ത്രി പറഞ്ഞു.
( വോയിസ്....)

&&&&&&&&&&&&&&&

## VAISHNAW-PUNE VISIT

ലോകത്തിലെ ഏറ്റവും വലിയ ആറാമത്തെ ഇലക്ട്രോണിക്സ് കയറ്റുമതി രാജ്യമായി ഇന്ത്യ മാറിയതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ലോകത്തെ പ്രധാന ഇലക്ട്രോണിക്സ് നിർമ്മാണ കേന്ദ്രമായി ഇന്ത്യ മാറിയതായും വരും വർഷങ്ങളിൽ രണ്ടാമത്തെ വലിയ ഇലക്ട്രോണിക്സ് കയറ്റുമതി രാജ്യമായി മാറുകയാണ് ലക്ഷ്യമെന്നും കേന്ദ്രമന്ത്രി പൂനെയിൽ പറഞ്ഞു.

&&&&&&&&&&&&&&&

## PM- ROZGAR YOJANA

പിഎം വികസിത് ഭാരത് റോസ്ഗർ യോജന പ്രകാരം 2,400 കോടിയോളം രൂപയുടെ ഇൻസെന്റീവുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി വെള്ളിയാഴ്ച ന്യൂഡൽഹിയിൽ വിതരണം ചെയ്യും. കഴിഞ്ഞ വർഷം ഓഗസ്റ്റ് ഒന്നിന് ആരംഭിച്ച പദ്ധതിക്കായി 99,446 കോടി രൂപയാണ് കേന്ദ്ര സർക്കാർ വകയിരുത്തിയിരിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലും ഇതോടനുബന്ധിച്ച് പ്രത്യേക പരിപാടികൾ നടക്കും.

&&&&&&&&&&&&&&&

## PREZ-MP VISIT

രാഷ്ട്രപതി ദ്രൗപദി മുർമു അഞ്ച് ദിവസത്തെ സന്ദർശനത്തിനായി നാളെ മധ്യപ്രദേശിലെത്തും. ഇൻഡോറിൽ ബ്രഹ്മകുമാരീസ് സംഘടിപ്പിക്കുന്ന പരിപാടിയിൽ പങ്കെടുക്കുന്ന ശ്രീമതി മുർമു ഓംകാരേശ്വർ ക്ഷേത്രത്തിൽ ദർശനം നടത്തും. മറ്റന്നാൾ അന്താരാഷ്ട്ര അരിവാൾ രോഗ ദിനത്തോടനുബന്ധിച്ചുള്ള പരിപാടിയിൽ രാഷ്ട്രപതി പങ്കെടുക്കും. ഈ മാസം 21 ന്, ജബൽപൂരിൽ അന്താരാഷ്ട്ര യോഗ ദിന പരിപാടിയിലും രാഷ്ട്രപതി സംബന്ധിക്കും.

&&&&&&&&&&&&&&&

## YOGA

അന്താരാഷ്ട്ര യോഗാ ദിനത്തിനുള്ള വിപുലമായ ഒരുക്കങ്ങൾ രാജ്യത്ത് പുരോഗമിക്കുന്നു. കൊൽക്കത്തയിൽ ഈ മാസം 21 ന് നടക്കുന്ന യോഗ ദിനാചരണ പരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകും. "ആരോഗ്യകരമായ വാർദ്ധക്യത്തിന് യോഗ" എന്നതാണ് ഇത്തവണത്തെ യോഗ ദിനാചരണ പ്രമേയം.

&&&&&&&&&&&&&&&

## KERALA CABINET

പിഎം ശ്രീ പദ്ധതിയിൽ തുടരാൻ സംസ്ഥാന സർക്കാർ നിർബന്ധിതമാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

കഴിഞ്ഞ സർക്കാർ പദ്ധതിയിൽ ഒപ്പുവച്ച് പണം വാങ്ങിയതാണെന്നും, സംസ്ഥാന സർക്കാർ പിഎം ശ്രീയിൽ പങ്കാളിയാണെന്നും മന്ത്രിസഭ യോഗത്തിന് ശേഷമുള്ള വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞു. . കരിക്കുലം നിശ്ചയിക്കാനും, പദ്ധതിക്കായി സ്കൂളുകൾ തെരഞ്ഞെടുക്കാനുമുള്ള അവകാശം സംസ്ഥാന സർക്കാരിനായിരിക്കും. ഇക്കാര്യം കേന്ദ്രസർക്കാരിനെ അറിയിക്കുന്ന കാര്യം പരിശോധിക്കാനും റിപ്പോർട്ട് സമർപ്പിക്കാനും മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയെന്നും മുഖ്യമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട് ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. 9 ജില്ലകളിൽ ഇന്നും 7 ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രതയാണ്. ശക്തമായ നീരൊഴുക്കിനെ തുടർന്ന്, പേപ്പാറ, അരുവിക്കര ഡാമുകളുടെ ഷട്ടറുകൾ ഉയർത്തി. ഡാമുകളുടെ സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തണം.

&&&&&&&&&&&&&&&

## KSEB POWER SHORTAGE

രാജ്യത്തുടനീളം വൈദ്യുതി ലഭ്യതയിൽ കുറവുണ്ടായതിനെ തുടർന്ന് സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുന്നു. മന്ത്രി സണ്ണി ജോസഫിന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ ഇത് സംബന്ധിച്ച അനുമതി KSEB യ്ക്ക് നൽകി. ഈ മാസം 30 വരെ വൈകുന്നേരം ആറു മണിക്കും രാത്രി 12നുമിടയിൽ പരിമിതമായ തോതിൽ വൈദ്യുതി നിയന്ത്രണം ആവശ്യമെന്ന് കെ എസ് ഇ ബി അറിയിച്ചു.

&&&&&&&&&&&&&&&

## KIRTI VARDHAN SINGH ( INTRO)

കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തി വർധന സിംഗ് കൊച്ചി സന്ദർശിച്ചു. കൊച്ചിയിലെ റീജിയണൽ പാസ്പോർട്ട് ഓഫീസിലെത്തിയ വിദേശകാര്യ സഹമന്ത്രി അടിസ്ഥാന സൗകര്യങ്ങളും സേവന വിതരണ സംവിധാനങ്ങളും അവലോകനം ചെയ്തു. പാസ്സ്പോർട്ടും മറ്റു യാത്രാരേഖകളും പ്രവാസികൾക്ക് കൃത്യമായി നൽകുന്നതിൽ റീജിയണൽ പാസ്സ്പോർട്ട് ഓഫിസുകൾ നിർണായക പങ്ക് വഹിക്കുന്നതായി അദ്ദേഹം പറഞ്ഞു.

( വോയിസ്....)

നാളെ ലക്ഷദ്വീപിൽ എത്തുന്ന അദ്ദേഹം വികസിത് ഭാരത് സങ്കൽപ്പ് സമ്മേളനത്തിലും അന്താരാഷ്ട്ര യോഗാദിന പരിപാടിയിലും പങ്കെടുക്കും.

&&&&&&&&&&&&&&&

## SHIGELLA

കേരളത്തിൽ ഷിഗെല്ല - നിപ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തം. ഒരു ഷിഗെല്ല മരണം കൂടി റിപ്പോർട്ട് ചെയ്തു. മലപ്പുറം സ്വദേശിയായ 75കാരിയാണ് മരിച്ചത്.

&&&&&&&&&&&&&&&

## FIFA

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് പോർച്ചുഗൽ, കോംഗോയെ നേരിടും. രാത്രി 10.30 നാണ് മത്സരം. ഇംഗ്ലണ്ട്-ക്രൊയേഷ്യ മത്സരം രാത്രി 1.30 ന് ആരംഭിക്കും. ഘാന പനാമ മത്സരം നാളെ പുലർച്ചെ 4.30 നും, ഉസ്ബക്കിസ്ഥാൻ-കൊളംബിയ മത്സരം രാവിലെ 7.30 നുമാണ്.

&&&&&&&&&&&&&&&

## WOMEN TWENTY-20

ഐ.സി.സി വനിതാ ട്വന്റി-20 ലോകകപ്പിൽ ഇന്ന് ഇന്ത്യ - നെതർലൻഡ്സ് പോരാട്ടം. ടോസ് നേടിയ നെതർലൻഡ്സ് ഫീൽഡിങ് തിരഞ്ഞെടുത്തു.

&&&&&&&&&&&&&&&

## INDIA IN OMAN– REPATRIATION

'എം.ടി സെറ്റബെല്ലോ' കപ്പലിന് നേരെ ഉണ്ടായ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ട രണ്ട് ഇന്ത്യക്കാരുടെ
മൃതദേഹങ്ങൾ നാട്ടിലെത്തിച്ചതായി ഒമാനിലെ ഇന്ത്യൻ എംബസി. ആദിത്യ ശർമ്മ, ശിവാനന്ദ് ചൗരസ്യ എന്നിവരുടെ ഭൗതികശരീരങ്ങളാണ് രാജ്യത്ത് എത്തിച്ചതെന്നും മരിച്ചവരുടെ കുടുംബത്തിൻറെ ദുഃഖത്തിൽ പങ്കുചേരുന്നതായും എംബസി സമൂഹമാധ്യമത്തിലൂടെ അറിയിച്ചു.

&&&&&&&&&&&&&&&

## CENSUS

സെൻസസ് 2027 ൻറെ ഭാഗമായി സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്ര ശേഖർ സെൽഫ് എന്യൂമറേഷൻ നടപടികൾ പൂർത്തിയാക്കി. എല്ലാവരും സെൽഫ് എന്യൂമറേഷൻ നടത്തി സെൻസസിൻറെ ഭാഗമാകണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. ഈ മാസം അവസാനം വരെ നീളുന്ന 15 ദിവസത്തെ സെൽഫ് എന്യൂമനേഷൻ കാലയളവിൽ പൊതുജനങ്ങൾക്ക് se.census.gov.in എന്ന പോർട്ടലിലൂടെ വിവരങ്ങൾ സമർപ്പിക്കാം.

&&&&&&&&&&&&&&&

## PADMA

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിൽ നടൻ മമ്മൂട്ടി പദ്മഭൂഷൺ സ്വീകരിക്കും. കഴിഞ്ഞ മാസം ആദ്യം, 66 പേർക്ക് പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു.

&&&&&&&&&&&&&&&

## MANIPUR MILITANTS ARREST

മണിപ്പൂരിൽ, സുരക്ഷാ സേന ഇംഫാൽ വെസ്റ്റ് ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ നിന്ന് മൂന്ന് തീവ്രവാദികളെ അറസ്റ്റ് ചെയ്തു. 26 അനധികൃത ബങ്കറുകളും നശിപ്പിച്ചു . നിരോധിത സംഘടനയായ പീപ്പിൾസ് ലിബറേഷൻ ആർമിയുടെയും അതിന്റെ

രാഷ്ട്രീയ വിഭാഗമായ റെവല്യൂഷണറി പീപ്പിൾസ് ഫ്രണ്ടിന്റെയും പ്രവർത്തകരാണ് അറസ്റ്റിലായത്.

&&&&&&&&&&&&&&&

&&&&&&&&&&&&